(ബി) കാർഷിക വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചതുമൂലം തിരിച്ചടവ് കുറയുന്നത് ഇതര വായ്പകൾ നൽകുന്നതിന് തടസ്സമാകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) മൊറട്ടോറിയം പ്രഖ്യാപിച്ചതുമൂലം പലിശയിനത്തിൽ സഹകരണ ബാങ്കുകൾക്കുണ്ടാകുന്ന നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ ഇക കാലതാമസം കൂടാതെ ബാങ്കുകൾക്ക് തിരികെ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സഹകരണ മേഖലയിൽ ഹ്രസ്വകാല കാർഷിക വായ്പകൾ വിതരണം ചെയ്യുന്നത് പ്രാഥമിക സർവീസ് സഹകരണ സംഘങ്ങളും/ബാങ്കുകളും ദീർഘകാല കാർഷിക വായ്പകൾ വിതരണം ചെയ്യുന്നത് പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളുമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സഹകരണ ബാങ്കുകൾ സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള കാർഷിക വായ്പകളിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾക്കാണ് 15-2-2015 വരെ മൊറട്ടോറിയം അനുവദിച്ച് ഉത്തരവായിട്ടുള്ളത്.

(സി&ഡി) കാർഷിക വായ്പകൾക്ക് മൊറട്ടോറിയം സർക്കാർ പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ സഹകരണ ബാങ്കുകൾക്കുണ്ടാകുന്ന പലിശ നഷ്ടം കണക്കാക്കിയിട്ടില്ല.

സഹകരണ ബാങ്കുകൾ മുഖേനയുള്ള വായ്പാ വിതരണം

78 (7914) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടക്കെണിയിലായ കർഷകരെ സഹായിക്കാൻ സഹകരണ ബാങ്കുകൾ മുഖേന എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന വ്യക്തമാക്കുമോ ;

(ബി) ദേശസാൽകൃത ബാങ്കുകൾ മുഖേന കർഷകർക്ക് പലിശയിൽ സബ്സിഡി ഇളവു നൽകി കാർഷിക വായ്പ നൽകുന്നതുപോലെ, സഹകരണ ബാങ്കുകൾ വഴി ഇത്തരത്തിലുള്ള വായ്പകൾ കർഷകർക്ക് നൽകുന്നുണ്ടോ ;

(സി) എങ്കിൽ സഹകരണ വകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം ബാങ്കുകൾ വഴിയാണ് ഇത്തരത്തിലുള്ള വായ്പ വിതരണം ചെയ്യുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സഹകരണ ബാങ്കുകൾ വഴി വിതരണം ചെയ്യുന്ന കാർഷിക വായ്പാ തുകയ്ക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ പരമാവധി എത്ര രൂപയാണ് നൽകുകയെന്ന് അറിയിക്കുമോ ;

(ഇ) കാർഷിക വായ്പയ്ക്ക് ഈടായി സ്വീകരിക്കുന്നത് എന്തെല്ലാമാണ് ; സബ്സിഡി കഴിഞ്ഞ് വായ്പ തുകയുടെ എത്ര ശതമാനമാണ് പലിശയായി കാർഷകരോട് ഈടാക്കുന്നത് ;

(എഫ്) ഇത്തരത്തിൽ നൽകുന്ന സബ്സിഡി വായ്പകൾ കർഷകർക്കു തന്നെയാണ് ലഭിക്കുന്നത് എന്നുറപ്പാക്കാൻ സഹകരണ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) കാർഷിക കടാശ്വാസ കമ്മീഷന്റെ അവാർഡിന്റെ അടിസ്ഥാനത്തിൽ കടാശ്വാസം അനുവദിക്കുന്നുണ്ട്. ഇതിനുപുറമെ 15-2-2015 വരെ കാർഷിക വായ്പകളിന്മേലുള്ള ജപ്തി നടപടികൾ നിർത്തിവച്ചിട്ടുണ്ട്. കൂടാതെ കുടിശ്ശികയായ വായ്പകളിൽ മുതലിനേക്കാൾ അധികരിച്ച് പലിശ വരുന്നുണ്ടെങ്കിൽ മുതലിനൊപ്പം പലിശ വാങ്ങി വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. ഇതിനുപുറമെ ആശ്വാസ പദ്ധതിയിനത്തിൽ കുടിശ്ശിക കുറയ്ക്കുന്നതിനുള്ള ക്യാമ്പയിനുകളുടെ ഭാഗമായി പരമാവധി ഇളവുകൾ പലിശ/പിഴപ്പലിശയിനത്തിൽ നൽകുന്നുണ്ട്.

(ബി) ഉണ്ട്. നെൽകൃഷിക്ക് പലിശ രഹിത വായ്പ അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. അതോടൊപ്പം കൃത്യമായി ഹ്രസ്വകാല വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് ഉത്തേജക പലിശയിളവ് പദ്ധതി പ്രകാരം പരമാവധി 5% പലിശ ഇളവ് സംസ്ഥാന സർക്കാർ നൽകുകയും പരമാവധി 3% നബാർഡ് സബ്വെൻഷനും നൽകി, വായ്പ പൂർണ്ണമായും പലിശ രഹിതമായി നൽകുന്ന പദ്ധതി സഹകരണ ബാങ്കുകളിൽ/പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ നിലവിലുണ്ട്.

(സി) സഹകരണ വകുപ്പിന്റെ കീഴിലുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ മുഖേന ഇത്തരത്തിലുള്ള വായ്പകൾ വിതരണം ചെയ്യുന്നു.

(ഡി) ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിക്കുന്ന സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി പരമാവധി 3 ലക്ഷം രൂപ വരെ ഹ്രസ്വകാല കാർഷിക വായ്പകൾ സർവ്വീസ് സഹകരണ ബാങ്കുകൾ/പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന നൽകി വരുന്നു. കൂടാതെ കാർഷിക അനുബന്ധ വായ്പകൾക്ക് 10 ലക്ഷം രൂപ വരെയും നൽകി വരുന്നു. എന്നാൽ 3 ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല കാർഷിക വായ്പയ്ക്ക് മാത്രമേ നിലവിലുള്ള പലിശയിളവ് ആനുകൂല്യം ലഭ്യമാകുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പരമാവധി ഒരു ലക്ഷം രൂപവരെയുള്ള കാർഷിക വായ്പകൾ അംഗങ്ങളുടെ പരസ്പര ജാമ്യത്തിന്മേൽ വിതരണം ചെയ്യാവുന്നതാണ്. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ 3 ലക്ഷം രൂപവരെയുള്ള കാർഷിക വായ്പകൾ വസ്തു ജാമ്യത്തിന്മേലോ രണ്ടിൽ കുറയാത്ത സർക്കാർ ഉദ്യോഗസ്ഥരുടെയും ശമ്പള സർട്ടിഫിക്കറ്റ് ജാമ്യമായി സ്വീകരിച്ച് വായ്പ നൽകാവുന്നതാണ്. സംഘങ്ങൾ/ ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ/ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ എന്നിവയിൽ നിന്നും വിതരണം ചെയ്യുന്ന മൂന്ന് ലക്ഷം രൂപയിൽ അധികരിച്ച കാർഷികവും കാർഷികേതരവുമായ എല്ലാത്തരം വായ്പകളും വസ്തു ഈടിന്മേലും മതിയായ ജാമ്യത്തിന്മേലും മാത്രമേ നൽകാവുള്ളൂ. നബാർഡ് ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി കാർഷിക ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് നബാർഡ് മുഖേന നൽകുന്ന 3% സബ്വെൻഷനോടൊപ്പം സംസ്ഥാന സർക്കാരിന്റെ പരമാവധി 5% സബ്സിഡി വിഹിതം കൂടി നൽകി പൂർണ്ണമായും പലിശ രഹിത വായ്പയായി നൽകുന്നതിന് ഉത്തേജന പലിശയിളവ് പദ്ധതി നിലവിലുണ്ട്. കൂടാതെ നെൽകൃഷിക്ക് പരിധി കണക്കിലെടുക്കാതെ പലിശ രഹിത വായ്പയും നൽകിവരുന്നു.

(എഫ്) സഹകരണ വകുപ്പിലെ ഇൻസ്പെക്ടർമാർ/ഓഡിറ്റർമാർ കാലാകാലങ്ങളിൽ സംഘം പരിശോധനയും ഓഡിറ്റും നടത്തി സബ്സിഡി വായ്പകൾ കർഷകർക്ക് തന്നെയാണ് ലഭിക്കുന്നതെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. ഇതുസംബന്ധിച്ച് പരാതി ലഭിക്കുകയാണെങ്കിൽ അതിന്മേൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നുണ്ട്.

ഹ്രസ്വകാല പലിശ രഹിത കാർഷിക വായ്പ

79 (7915) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ഫണ്ടുപയോഗിച്ച് സഹകരണ ബാങ്കുകൾ നൽകുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ പലിശ രഹിത വായ്പയായി കണക്കാക്കുന്ന പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly